(സി) സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ആവശ്യമായ എല്ലാ വിധ നടപടികളും സ്വീകരിച്ച് ഈ പദ്ധതി നടപ്പാക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ IWAI വഴി 2014 ഡിസംബറിൽ പണി പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ദേശീയ ജലപാതയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആഴം കൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമാകാത്തതും ഇപ്രകാരം ലഭിക്കുന്ന മണലിനെ ചൊല്ലി നാട്ടുകാർ ഉന്നയിക്കുന്ന അവകാശ വാദങ്ങൾ ജലപാതയിൽ മാർഗ്ഗതടസ്സമായി സൃഷ്ടിക്കപ്പെട്ട പിനവരവുകൾ, ഊന്നി വരവുകൾ എന്നിവയും കൊല്ലം പരവൂർ ഭാഗങ്ങളിൽ ദേശീയ ജലപാതയിൽ കാണുന്ന വളരെ കട്ടികൂടിയ പ്രതലം (Under Water Lateritched) മുതലായവയാണ് പണി പൂർത്തീകരിക്കുവാൻ കാലതാമസത്തിനുള്ള പ്രധാന കാരണങ്ങൾ.

മിനിമം വേതനം പുതുക്കൽ

169 (6874) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ തൊഴിൽ മേഖലയിലും മിനിമം വേതനം സമയബന്ധിത മായി പുതുക്കാൻ ഉപദേശക സമിതിയെ പുനഃസംഘടിപ്പിക്കുന്നകാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) മിനിമം വേതനം പുതുക്കുന്നതിന് കാലതാമസം ഉണ്ടായാൽ മുൻകാല പ്രാബല്യത്തോടെ മിനിമം വേതനം നൽകുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) എല്ലാ തൊഴിൽ മേഖലയിലും 1948-ലെ മിനിമം വേതന നിയമം അനുശാസിക്കുംവിധം മിനിമംവേതനം സമയബന്ധിതമായി പുതുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ നടപടികൾ തൊഴിൽ വകുപ്പും മിനിമം വേതന ഉപദേശക സമിതിയും സ്വീകരിച്ചുവരുന്നു.

(ബി) നിശ്ചയിക്കപ്പെട്ട മിനിമം വേതനം അഞ്ച് വർഷത്തിനകം പുതുക്കി നിശ്ചയിക്കണമെന്നാണ് മിനിമം വേതന നിയമം അനുശാസിക്കുന്നത്. അതനുസരിച്ച് മിനിമം വേതനം പുതുക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഓരോ തൊഴിൽ മേഖലയിലേയും മിനിമം വേതനം പുതുക്കുമ്പോൾ ആ മേഖലയിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് വേതന പരിഷ്ക്കരണത്തിന് മുൻകാല പ്രാബല്യം നൽകുന്ന കാര്യത്തിൽ യുക്തമായ തീരുമാനം എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly